Mathrubhumi
മാതൃഭൂമി

# ചിട്ടയായ ഏകോപനം: റാങ്കിങ്ങിൽ മുന്നേറി കാർഷിക സർവകലാശാല

**തൃശ്ശൂർ** ▸ എൻഐആർഎഫ് റാങ്കിങ്ങിൽ കേരള കാർഷിക സർവകലാശാലയ്ക്ക് വൻ മുന്നേറ്റം. കൃഷി അനുബന്ധമേഖലകളിൽ കാർഷിക സർവകലാശാല ദേശീയതലത്തിൽ 12-ാം റാങ്കിലെത്തി. കഴിഞ്ഞ വർഷം 16-ാം സ്ഥാനത്തായിരുന്നു. ദേശീയതലത്തിലെ മൊത്തം സർവകലാശാലകളുടെ റാങ്കിങ്ങിലും കാർഷിക സർവകലാശാല മുന്നേറി.

ദേശീയതലത്തിൽ 101-150 റാങ്ക് ബാൻഡിലാണ് കാർഷിക സർവകലാശാലയുടെ സ്ഥാനം. 2024-ൽ 151-200 റാങ്ക് ബാൻഡിൽ ആയിരുന്നു. കൂടാതെ സ്റ്റേറ്റ്-പബ്ലിക് യൂണിവേഴ്സിറ്റി എന്ന വിഭാഗത്തിൽ 51-100 റാങ്ക് ബാൻഡും കാർഷിക സർവകലാശാല കരസ്ഥമാക്കി. കേരളത്തിലെ സർവകലാശാലകളിൽ കാർഷിക സർവകലാശാല ഏഴാംസ്ഥാനത്താണ്. കഴിഞ്ഞ വർഷം എട്ടാമതായിരുന്നു. മൊത്തം പോയിന്റ് നിലയിലും 55-ൽനിന്ന് 60-ലേക്ക് മുന്നേറി.

സർവകലാശാലയുടെ അക്കാദമിക്-ഗവേഷണ-വിജ്ഞാനവ്യാപന പ്രവൃത്തികളുടെ ചിട്ടയായ ഏകോപനത്തിലൂടെയാണ് ഇത് കരസ്ഥമാക്കാൻ സാധിച്ചതെന്ന് വൈസ് ചാൻസലർ ഡോ. ബി. അശോക് പറഞ്ഞു.

08/09/2025 KODUNGALLUR Pg 02